**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5933** **08-11-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ പെയിന്റിംഗ്, ഫ്ലോറിംഗ്, ജനാല, വാതിലുകൾ, ചുറ്റമതിലുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണ ജോലികൾ, ശുചിമുറികളുടെ ജോലികൾ പ്രധാന ഗേറ്റിന്റെ ജോലികൾ, എന്നിവ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സിൽ നടപ്പിലാക്കുന്ന സൗകര്യങ്ങൾ വ്യക്തമാക്കുമോ; ഇതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | വാഹനപാർക്കിംഗ് സൗകര്യം, റാമ്പ്, ശുചിമുറികൾ, വെയിറ്റിംഗ് റൂം, മുതലായവ പൊതുജനങ്ങൾക്കായി ഒരുക്കുന്ന സൗകര്യങ്ങളാണ്. ഇവയിൽ റാമ്പ്, വെയ്റ്റിംഗ് റൂം എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം 2021 നവംബർ 24 -നുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ